**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4407** — **13.11.2019 ലെ മറുപടിയ്ക്ക്.**

**എസ്.സി./എസ്.റ്റി. വിഭാഗത്തിലെ നിർധനരായ വിധവകൾ നേരിടുന്ന ജപ്തി ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | സർക്കാരിന്റെ കീഴിലെ കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ കടിശ്ശികയ്ക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട നിർധനരായ വിധവകളുടെ കിടപ്പാടങ്ങൾ വരെ ജപ്തി ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലെ അർഹരായവർക്ക് എസ്.സി./ എസ്.റ്റി. ഫണ്ടിൽ നിന്നും തുക വകയിരുത്തി ജപ്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (ബി) | നിലവിൽ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 – ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതി തള്ളുന്നതിന് 30.03.2015-ലെ സ.ഉ. (പി) നം 24/2015/പജ പവ വിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br>01-10-2015-ലെ സ.ഉ.(അ) നമ്പർ. 71/2015/ പജപവവിവ പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാരുടെ 01-04-2006 മുതൽ 31-03-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ വിവിധ ധനകാര്യ സ്ഥാപനങ്ങളായ ദേശസാത്കൃത ബാങ്കുകൾ, കുടുംബശ്രീ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും കാർഷിക, വിദ്യാഭ്യാസം, സ്വയംതൊഴിൽ എന്നീ ഇനങ്ങളിലുള്ള വായ്പകളാണ് എഴുതിതള്ളുന്നത്. അത്തരത്തിലുള്ള 3275 ഗുണഭോക്താക്കളുടെ 9,17,34,154 രൂപയുടെ വായ്പകൾ നാളിതുവരെ എഴുതി തള്ളിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ